©
കേരള സർക്കാർ
Government of Kerala
2018

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
## PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 7<br>Vol. VII | തിരുവനന്തപുരം,<br>ചൊവ്വ<br>Thiruvananthapuram,<br>Tuesday | 2018 ജൂലൈ 10<br>10th July 2018<br>1193 മിഥുനം 26<br>26th Mithunam 1193<br>1940 ആഷാഢം 19<br>19th Ashadha 1940 | നമ്പർ<br>No. | 28 |

# PART III

# Dairy Development Department

### എറണാകുളം ജില്ലാ ക്ഷീരവികസന വകുപ്പ്
### (ഡെപ്യൂട്ടി ഡയറക്ടറുടെ നടപടിക്രമം)

നമ്പർ സി1–2936/2017. 2018 മേയ് 22.

പരാമർശം:—(1) പിറവം ഡയറി ഫാം ഇൻസ്ട്രക്ടർ–2ന്റെ സെക്ഷൻ 66 പ്രകാരമുള്ള എൻക്വയറി റിപ്പോർട്ട്.

(2) ഈ ഓഫീസിലെ 27–3–2018–ലെ ഇതേ നമ്പർ കത്ത്.

പാമ്പാക്കുട ബ്ലോക്കിലെ പാഴൂർ ക്ഷീരോൽപ്പാദക സഹകരണ സംഘം ക്ലിപ്തം നമ്പർ ഇ.312 (ഡി) ആപ്ക്കോസിൽ പാൽ സംഭരണമില്ലാത്തതിനാൽ ദീർഘ നാളായി പ്രവർത്തനം നിലച്ചിട്ടുള്ളതാകുന്നു. നിലവിൽ സംഘം പുനരുജ്ജീവിപ്പിക്കാൻ യാതൊരു സാധ്യതയുമില്ലാ എന്ന് ഒന്നാം പരാമർശപ്രകാരം അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ രണ്ടാം പരാമർശ പ്രകാരം ജില്ലാ സഹകരണബാങ്ക്, സർക്കിൾ സഹകരണ യൂണിയൻ, ഇ. ആർ. സി. എം. പി. യു. എന്നിവയ്ക്ക് കത്ത് നൽകുകയും ജില്ലാ സഹകരണബാങ്ക്, സർക്കിൾ സഹകരണ യൂണിയൻ എന്നിവ നാളിതുവരെ മറുപടി നൽകിയിട്ടില്ലാത്തതും ഇ. ആർ. സി. എം. പി. യു.വിൽ നിന്നും സംഘത്തിന് യാതൊരു ബാദ്ധ്യതയുമില്ല എന്ന് അറിയിച്ചിട്ടുള്ളതുമാണ്. ഈ സാഹചര്യത്തിൽ സംഘം സമാപ്തീകരിക്കുന്നതിന് ആവശ്യമായ നടപടികൾ കേരള സഹകരണ സംഘം നിയമം 71(2) സ്വീകരിക്കാവുന്ന താണെന്ന് എനിക്ക് ബോധ്യപ്പെട്ടിരിക്കുന്നു.

#### ഉത്തരവ്

മേൽ സാഹചര്യത്തിൽ പാഴൂർ ക്ഷീരോൽപ്പാദക സഹകരണ സംഘം ക്ലിപ്തം നമ്പർ ഇ. 312 (ഡി) ആപ്ക്കോസ് കേരള സഹകരണ സംഘം നിയമം 71(2) വകുപ്പനുസരിച്ച് സമാപ്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണെന്ന് കാണുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ കേരള സഹകരണ സംഘം നിയമം 72(1) വകുപ്പനുസരിച്ച് പിറവം ക്ഷീര വികസന ഓഫീസറെ ലിക്വിഡേറ്ററായി നിയമിച്ച് ഉത്തരവാകുന്നു. ലിക്വിഡേറ്ററുടെ കാലാവധി ഈ ഉത്തരവ് തീയതി മുതൽ പന്ത്രണ്ട് മാസം ആയിരിക്കുന്നതും നിശ്ചിത കാലാവധിക്കകം നടപടികൾ പൂർത്തിയാക്കി പ്രസ്തുത വിവരങ്ങൾ രേഖാമൂലം ഈ ഓഫീസിൽ സമർപ്പിക്കേണ്ടതുമാണ്.

ക്ഷീര വികസന വകുപ്പ്
ഡെപ്യൂട്ടി ഡയറക്ടറുടെ (ഒപ്പ്)
കാര്യാലയം, എറണാകുളം. ഡെപ്യൂട്ടി ഡയറക്ടർ.